**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2399** **24-06-2024 - ൽ മറുപടിയ്ക്ക്**

**അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണം സംബന്ധിച്ച് ബഹു.ഹൈക്കോടതിയുടെ മാർഗ്ഗ നിർദ്ദേശപ്രകാരം പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ വിശദമായ പ്ലാനും എസ്റ്റിമേറ്റും ധനകാര്യ വകുപ്പിന്റെ അംഗീകാരത്തിനായി 2020-ൽ സമർപ്പിച്ച ഫയലിൽ ചില മാറ്റങ്ങൾ വരുത്തുന്നതിന് രണ്ട് പ്രാവശ്യം ധനകാര്യ വകുപ്പ് നൽകിയ നിർദ്ദേശങ്ങൾ പാലിച്ച് വീണ്ടും പ്രസ്തുത ഫയൽ 2442243 നമ്പറായി ധനകാര്യ എക്സ്പെൻഡിച്ചർ (ഡി) വകുപ്പിൽ അംഗീകാരത്തിനായി ലഭ്യമാക്കിയത് ശ്രദ്ധയിൽപ്പെട്ടിരുന്നോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു.അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നല്കുന്ന വിഷയം ധന വകുപ്പിൽ പരിശോധിച്ച് വരികയാണ്. |
| (ബി) | 4059-60-051-69 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ 2024-25 വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും നിലവിൽ എത്ര തുക ബാക്കിയുണ്ടെന്നും വ്യക്തമാക്കാമോ; | (ബി) | 4059-60-051-69 എന്ന ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം 30,76,60,000/- രൂപ വകയിരുത്തിയിട്ടുണ്ട്. BAMS റിപ്പോർട്ട് അനുസരിച്ച് ഈ ശീർഷകത്തിൽ നിന്നും 11,66,66,666/- രൂപ ചെലവായിട്ടുണ്ട്. നിലവിൽ 19,09,93,334/- രൂപ 4059-60-051-69 എന്ന ശീർഷകത്തിൽ ബാക്കിയുണ്ട്. |
| (സി) | അങ്കമാലിയിൽ വർഷങ്ങളായി വാടക കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിൽ പ്രവർത്തിക്കുന്ന കോടതിയുടെ ശോചനീയാവസ്ഥ കണക്കിലെടുത്തും ഭീമമായ തുക വാടക നൽകുന്നതും പരിഗണിച്ച് അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് ഭരണാനുമതി നൽകുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | അങ്കമാലി കോർട്ട് കോംപ്ലക്സ് നിർമ്മാണത്തിന് നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ച് ഭരണാനുമതി നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ